(ബി) കംപാഷിനേറ്റ് ഗ്രൗണ്ടിൽ ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ട്രാൻസ്ഫർ അനുവദിക്കാറുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

അനുവദിക്കാറുണ്ട്. ടി സർക്കാർ ഉത്തരവിന്റെ ആറാം ഖണ്ഡികയിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരാമർശിക്കുന്നുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം

244 (3242) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ബ്രാഞ്ചിലേയ്ക്ക് 24-9-2021-ലെ സർക്കാർ ഉത്തരവ് നമ്പർ (അച്ചടി)14/2021/ പൊതുവിദ്യാഭ്യാസം (സി) വകുപ്പുപ്രകാരം തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുള്ള ഡി.പി.സി. ഹയർ ലിസ്റ്റിൽ 2021 വർഷമുണ്ടാകുന്ന എ.എ./എ.പി.എഫ്.ഒ./എ.ഒ. ഒഴിവുകൾ നികത്താൻ പര്യാപ്തമാകുംവിധം ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

2021 കലണ്ടർ വർഷത്തിൽ നിലവിലുണ്ടായിരുന്നതും പ്രതീക്ഷിതവുമായ ഒഴിവുകളിലേയ്ക്ക് പര്യാപ്തമാകുംവിധമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് എ.എ./എ.ഒ./എ.പി.എഫ്.ഒ. തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചതിനാലും മറ്റൊരുദ്യോഗസ്ഥൻ മരണപ്പെട്ടതിനാലും ടി തസ്തികയിലേയ്ക്ക് ഈ വർഷം പ്രതീക്ഷിക്കുന്ന രണ്ട് ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകാൻവേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത സെലക്ട് ലിസ്റ്റിലില്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സമയബന്ധിതമായി നടപ്പാക്കാൻ ജൂനിയർ സൂപ്രണ്ട് മുതൽ സീനിയർ എ.എ. വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ജൂനിയർ സൂപ്രണ്ടുമാരുടെ 31-12-2018 വരെയും സീനിയർ സൂപ്രണ്ടുമാരുടെ 31-12-2019 വരെയും പി.എ. ടു ഡി.ഇ.ഒ.-മാരുടെ 30-9-2020 വരെയും എ.എ./എ.ഒ./എ.പി.എഫ്.ഒ.-മാരുടെ 30-9-2019 വരെയും സീനിയർ എ.എ.-മാരുടെ 31-12-2020 വരെയുമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly